**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3530** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള അഗ്രോ മെഷിനറി കോർപറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ കാർഷിക യന്ത്രങ്ങൾ ഉൽപാദനം നടത്തി ഇന്ത്യയിൽ ഉടനീളം വിപണനം ചെയ്തുവരുന്ന പൊതുമേഖലാ സ്ഥാപനമാണ്. സംസ്ഥാനത്തെ കാർഷിക പുരോഗതിക്കായി നൂതനമായ യന്ത്രങ്ങൾ കാംകോ വികസിപ്പിച്ച് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും കൂടാതെ ഉൽപ്പന്നങ്ങൾ രാജ്യത്തുടനീളം വിറ്റഴിക്കുന്നതിനായി മാർക്കറ്റിംഗ് രംഗത്ത് കൂടുതൽ ഡീലർമാരെ നിയമിക്കുക, ബിസിനസ് കൺസൾട്ടന്റ്മാരെ കണ്ടെത്തി കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ പ്രചാരണം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ കമ്പനിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി പുതിയ പ്രോജക്ടുകൾ സർക്കാരിന്റെ RIAS സ്കീം വഴി NABARD ന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം 2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നത് കാംകോയുടെ പുരോഗതിക്ക് ഉണയാകും എന്ന് വിലയിരുത്തുന്നു. |
| (ബി) | കുത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കാംകോയുടെ യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) | കുത്തുപറമ്പ് മണ്ഡലത്തിലെ വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015 ൽ ആരംഭിച്ച കാംകോയുടെ ന്യൂജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിൽ ഉൽപാദനം ആരംഭിച്ചുവെങ്കിലും കോവിഡിനെ തുടർന്ന് വിൽപ്പന കുറഞ്ഞതിനാൽ ഉൽപാദനം ഇടക്കാലത്ത് നിർത്തേണ്ടി വന്നു. മാർക്കറ്റിംഗ് രംഗത്ത് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ മൂലം 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഉത്പാദനം തുടങ്ങുവാൻ പദ്ധതി ഇട്ടിട്ടുണ്ട്. ന്യൂജനറേഷൻ പവർ ടില്ലറിന്റെ ടെസ്റ്റ് മാർക്കറ്റിംഗ് ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതിന്റെ അനുബന്ധ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രക്രിയ 2025 ഏപ്രിലിൽ പൂർണ്ണമാകും. ടെസ്റ്റ് മാർക്കറ്റിങ്ങിന് ആവശ്യമായ 30 ഓളം യന്ത്രങ്ങൾ കാംകോയുടെ R&D ഡിവിഷനിൽ ഉത്പാദിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ വില്പനയ്ക്ക് ആവശ്യമായ പവർ റീപ്പർ ഏറ്റവും നൂതനമായ മോഡൽ ഉത്പാദിപ്പിക്കുന്നതിന് തയ്യാറാകുന്നുണ്ട്. വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | യംഗ് ജനറേഷൻ പവർ ടില്ലറുകൾ നിർമ്മിക്കുന്നതിനായി കാംകോ ആരംഭിച്ച പ്രസ്തുത യൂണിറ്റിന് നാളിതുവരെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കുത്തുപറമ്പ് മണ്ഡലത്തിലെ വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015 ൽ ആരംഭിച്ച കാംകോയുടെ ന്യൂജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിൽ ഉൽപാദനം ആരംഭിച്ചുവെങ്കിലും കോവിഡിനെ തുടർന്ന് വിൽപ്പന കുറഞ്ഞതിനാൽ ഉൽപാദനം ഇടക്കാലത്ത് നിർത്തേണ്ടി വന്നു. മാർക്കറ്റിംഗ് രംഗത്ത് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ മൂലം 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഉത്പാദനം തുടങ്ങുവാൻ പദ്ധതി ഇട്ടിട്ടുണ്ട്. ന്യൂജനറേഷൻ പവർ ടില്ലറിന്റെ ടെസ്റ്റ് മാർക്കറ്റിംഗ് ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതിന്റെ അനുബന്ധ ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രക്രിയ 2025 ഏപ്രിലിൽ പൂർണ്ണമാകും. ടെസ്റ്റ് മാർക്കറ്റിങ്ങിന് ആവശ്യമായ 30 ഓളം യന്ത്രങ്ങൾ കാംകോയുടെ R&D ഡിവിഷനിൽ ഉത്പാദിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ വില്പനയ്ക്ക് ആവശ്യമായ പവർ റീപ്പർ ഏറ്റവും നൂതനമായ മോഡൽ ഉത്പാദിപ്പിക്കുന്നതിന് തയ്യാറാകുന്നുണ്ട്. വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കുത്തുപറമ്പ് മണ്ഡലത്തിലെ വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015 ൽ ആരംഭിച്ച കാംകോയുടെ ന്യൂജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിൽ ഉൽപാദനം ആരംഭിച്ചുവെങ്കിലും കോവിഡിനെ തുടർന്ന് വിൽപ്പന കുറഞ്ഞതിനാൽ ഉൽപാദനം ഇടക്കാലത്ത് നിർത്തേണ്ടി വന്നു. മാർക്കറ്റിംഗ് രംഗത്ത് നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ മൂലം 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഉത്പാദനം തുടങ്ങുവാൻ പദ്ധതി ഇട്ടിട്ടുണ്ട്. ന്യൂജനറേഷൻ പവർ ടില്ലറിന്റെ ടെസ്റ്റ് മാർക്കറ്റിംഗ് ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതിന്റെ അനുബന്ധ ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രക്രിയ 2025 |

| | | | |
|---|---|---|---|
| | | | ഏപ്രിലിൽ പൂർണ്ണമാകും. ടെസ്റ്റ് മാർക്കറ്റിങ്ങിന് ആവശ്യമായ 30 ഓളം യന്ത്രങ്ങൾ കാംകോയുടെ R&D ഡിവിഷനിൽ ഉത്പാദിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ വില്പനയ്ക്ക് ആവശ്യമായ പവർ റീപ്പർ ഏറ്റവും നൂതനമായ മോഡൽ ഉത്പാദിപ്പിക്കുന്നതിന് തയ്യാറാകുന്നുണ്ട്. വലിയ വെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കാംകോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ